"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ.(നഗരം)- ലൈഫ് പദ്ധതി- സംസ്ഥാന / നഗരതല സാങ്കേതിക സെല്ലിൽ പ്രവർത്തിച്ചു വരുന്ന കരാർ ജീവനക്കാരുടെ സേവന കാലാവധി 2026 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.490/2026/LSGD തീയതി,തിരുവനന്തപുരം, 26-02-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.797/2025/LSGD തീയതി 25.03.2025
2. സ.ഉ.(സാധാ) നം.1626/2025/LSGD തീയതി 30.06.2025
3. സ.ഉ.(സാധാ) നം.12/2026/LSGD തീയതി 01.01.2026
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.02.2026 ലെ KSHO /2231/2024-N നമ്പർ കത്ത്

**ഉത്തരവ്**

പി.എം.എ.വൈ. (നഗരം) -ലൈഫ് പദ്ധതിയുടെ സംസ്ഥാനതല /നഗരതല സാങ്കേതിക സെല്ലിൽ പ്രവർത്തിച്ചു വരുന്ന കരാർ ജീവനക്കാരുടെ സേവന കാലാവധി പരാമർശം 1, 2, 3 ഉത്തരവുകൾ പ്രകാരം 31.03.2026 വരെ ദീർഘിപ്പിച്ചു നല്കിയിരുന്നു.

2) പി.എം.എ.വൈ.(നഗരം)-ലൈഫ് പദ്ധതിയിൽ സംസ്ഥാനതല /നഗരതല സാങ്കേതിക സെല്ലിൽ ജോലി ചെയ്തു വരുന്ന 69 ജീവനക്കാരുടെ സേവന കാലാവധി, ടി ജീവനക്കാരുടെ വേതനം സംസ്ഥാന മിഷനിൽ ലഭ്യമായ BSUP, IHSDP ഫണ്ടിലെ സംസ്ഥാന വിഹിതത്തിൽ നിന്നും ലഭ്യമാക്കി, കേന്ദ്ര ഭവനനഗര കാര്യ മന്ത്രാലയം നീട്ടുമെന്ന് അറിയിച്ചിട്ടുള്ള പദ്ധതി കാലയളവായ 2026 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം 4 പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (നഗരം) - ലൈഫ് പദ്ധതിയിൽ സംസ്ഥാനതല /നഗരതല സാങ്കേതിക സെല്ലിൽ ജോലി ചെയ്തു വരുന്ന 69 കരാർ ജീവനക്കാരുടെ സേവന കാലാവധി 2026 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sheeba. S. C

Date: 26-02-2026 13:52:22

സെക്ഷൻ ഓഫീസർ